

ജി.എഫ്.യു.പി സ്കൂൾ കൊയിലാണ്ടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# ജി എഫ് യു പി സ്കൂൾ
# കൊയിലാണ്ടി

പി ഒ കൊയിലാണ്ടി, കൊയിലാണ്ടി ബസാർ
ഫോൺ: 0496 2221020
Email.gfupskdy1@gmail .com

ജില്ല കോഴിക്കോട്
വിദ്യാഭ്യാസ ജില്ല വടകര
ഉപജില്ല കൊയിലാണ്ടി
നഗരസഭ കൊയിലാണ്ടി
ബി.ആർ.സി പന്തലായനി

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയചരിത്രം
- പൊതു ലക്ഷ്യങ്ങൾ
- വിഷയമേഖലകൾ

**എൽ പി വിഭാഗം**

മലയാളം
സംസ്കൃതം
ഇംഗ്ലീഷ്
ഗണിതം
പരിസരപഠനം

**യു പി വിഭാഗം**

മലയാളം ഇംഗ്ലീഷ്
ഹിന്ദി സംസ്കൃതം
ശാസ്ത്രം സാമൂഹ്യശാസ്ത്രം
ഗണിതം ലൈബ്രറി

**ശാക്തീകരണം**

കലാപഠനം പരിസ്ഥിതി
പ്രവൃത്തി പരിചയപഠനം കാർഷികം
ആരോഗ്യകായിക വിദ്യാഭ്യാസം CWSN
വിവര വിനിമയ സാങ്കേതിക വിദ്യ
ജെ ആർ സി
SSS (സ്കൂൾ സേവിംഗ്സ് സ്കീം)
മോണിറ്ററിംഗ്
പ്രവർത്തന കലണ്ടർ ഉപസംഹാരം


GFUPS



# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ കുട്ടിയുടേയും കഴിവും പ്രായത്തിനനുസരിച്ച് ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനും കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിനാവശ്യമായ അവസരങ്ങൾ ഒരുക്കാൻ അക്കാദമിക ആസൂത്രണം അനിവാര്യമാണ്. അക്കാദമിക വിപ്ലവത്തിന് തുടക്കമിട്ടുകൊണ്ട് കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ തുടർച്ചയും അതിന്റെ ഉയർന്ന തലം കൂടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

കേരളത്തിലെ സ്കൂളുകളിലെ ഓരോ വിദ്യാലയങ്ങളിലേയും ക്ലാസുകളിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തണം. എല്ലാ കുട്ടികൾക്കും സമഗ്ര മേഖലയിലും തുല്യ അവസരങ്ങൾ ഉറപ്പാക്കണം. സ്വയം പഠനവും കൂട്ടായ പഠനവും പഠന പ്രക്രിയയുടെ ഭാഗമാകണം. മത്സരാധിഷ്ഠിത ലോകത്തിൽ മികച്ച ജീവിതത്തിന് ആവശ്യമായ ആത്മവിശ്വാസം, അറിവ്, പ്രാപ്തി എന്നിവ നേടുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യ ബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം, മൂല്യബോധങ്ങൾ എന്നീവ സ്വായത്തമാക്കുന്നതിനും സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും. സമഗ്ര മൂല്യനിർണയം നടത്തും ഇതൊക്കെ അടിസ്ഥാനമാക്കിയാണ് ഈ മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്തത്.

ഇതിന് ആവശ്യമായ അക്കാദമിക പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ അക്കാദമിക് പ്ലാൻ രൂപപ്പെടുത്തിയത്.

**ജി എഫ് യു പി എസ് കൊയിലാണ്ടി**

# അക്കാദമിക മികവിലൂടെ വിദ്യാലയമികവ്
## വിദ്യാലയ ചരിത്രം

വൈദേശികാധിപത്യം ഇന്ത്യയിൽ വേരുറച്ചകാലം. കടലോര ഗ്രാമമായ കൊയിലാണ്ടിയിൽ കൊല്ലം മുതൽ ഏഴുകുടീക്കൽ വരെയുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ഒരു പള്ളിക്കൂടം 1901 ൽ സ്ഥാപിതമായി. പകലന്തിയോളം കടലിനോട് മല്ലിടുന്ന മത്സ്യതൊഴിലാളികൾക്ക് വിദ്യാഭ്യാസം സ്വപ്നത്തിൽ പോലുമില്ലാത്ത കാലത്ത് രൂപപ്പെട്ട വിദ്യാലയം. വഞ്ചികൾ കരയ്ക്കടിയുമ്പോൾ പഠനത്തിനവധികൊടുത്ത് കടപ്പുറത്ത് ജീവിതം തേടുന്നവരായിരുന്നു തുടക്ക കാലത്തെ പഠിതാക്കൾ. സ്വാതന്ത്ര്യാനന്തരം വിദ്യാലയവും മാറിതുടങ്ങി. കുട്ടികളെ തേടി ഗുരുക്കൻമാർ വീട്ടിലേക്ക്... കൊഴിഞ്ഞുപോകുന്നവരെ പിടിച്ചിരുത്താൻ പലതന്ത്രങ്ങളും സ്വീകരിച്ചു. ഒരു സമൂഹത്തിന്റ സമൂലമായ പരിവർത്തനത്തെ സ്വപ്നം കണ്ട അർപ്പണബോധത്തിന്റെ പര്യായമായ അധ്യാപകരുടെ നിരന്തര പരിശ്രമത്തിന് പിന്തുണ നൽകി കൊയിലാണ്ടി, വിരുന്നുകണ്ടി, ചെറിയമങ്ങാട്, വലിയമങ്ങാട് പ്രദേശത്തെ നെടുംതൂണുകളായ മഹത്‌വ്യക്തികൾ, അരയസമാജങ്ങൾ, ക്ഷേത്രസമിതികൾ എന്നിവരുടെ കൂട്ടായ പരിശ്രമത്താൽ 1969 ൽ ഇന്നത്തെ സ്ഥലത്ത് പുതിയ വിദ്യാലയം.

പുതിയ കെട്ടിടങ്ങൾ, മികച്ച സയൻസ് ലാബ്, ഐ ടി പഠനം, ലൈബ്രറി, ഡസ്റ്റ് ഫ്രീ കാമ്പസ്, ഈ പ്രദേശത്തെ ഭൂരിപക്ഷം ആളുകളും ആദ്യാക്ഷരം കുറിച്ച ഈ വിദ്യാലയം. അവരുടെ തന്നെ മാറിയ ചിന്തകൾ, കാഴ്ചപ്പാടുകൾ, മത സാമുദായിക ചിന്തകൾ എല്ലാം ഈ വിദ്യാലയത്തിൽ നിന്ന് കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയ്ക്കാൻ കാരണമാവുന്ന സാഹചര്യത്തിൽ ഒരു വീണ്ടെടുക്കൽ സമരത്തിനു കൂടിയുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.



# ലക്ഷ്യങ്ങൾ

- ഒന്നു മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടിയെന്നുറപ്പ് വരുത്തുന്നു.
- മികച്ച മാനസിക - വൈകാരിക ശാരീരികാരോഗ്യം ഉറപ്പാക്കുന്നു.
- പാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്കവസരം ഉറപ്പാക്കൽ
- സർഗാത്മകത ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ
- മാനവികത മൂല്യങ്ങൾ, മതനിരപേക്ഷത, തുല്യത, ലിംഗസമത്വം ഉറപ്പാക്കുന്ന തരത്തിലുള്ള ക്ലാസ്റൂം അനുഭവങ്ങൾ സൃഷ്ടിക്കൽ
- പരിസ്ഥിതി സംരക്ഷണം, ശാസ്ത്രീയ മത്സ്യബന്ധനം, തീരസംരക്ഷണം, കടൽ മലിനീകരണ സന്ദർഭങ്ങൾ എന്നിവയിൽ അവബോധം സൃഷ്ടിക്കുക
- പ്ലാസ്റ്റിക് വിമുക്ത, ലഹരി വിമുക്ത സ്കൂൾ പരിസരം രൂപപ്പെടുത്തൽ
- മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം ഒരു കടമയായി കാണൽ
- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന
- ഐ ടി അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
- ലൈബ്രറി, വിവിധ ലാബുകൾ എന്നിവയുടെ നവീകരണം ഉറപ്പാക്കൽ
- കുട്ടികൾക്കും രക്ഷിതാക്കൽക്കും വിവിധ വിഷയങ്ങളിൽ അവബോധം ഉറപ്പാക്കുന്നു
- ഇംഗ്ലീഷ്, ഹിന്ദി, വിഷയങ്ങളിൽ അവശ്യ വിനിമയ ശേഷി ഉറപ്പാക്കുന്നു.
- പാഠ്യ പാഠ്യേതര വിഷയങ്ങളിൽ പ്രാദേശിക സഹായം ഉറപ്പാക്കൽ ഭിന്നശേഷി കുട്ടികൾക്ക് അക്കാദമിക മികവുകൾ ഉറപ്പാക്കൽ.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### മേഖല : അക്കാദമികം, ഉപമേഖല എൽ പി മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള അക്ഷരങ്ങളിൽ ചിഹ്നം ചേർത്ത് പദങ്ങൾ നിർമ്മിക്കാനും വായിക്കാനും എഴുതാനുമുള്ള ശേഷികൾ എല്ലാ വിദ്യാർത്ഥികൾക്കും സ്വായത്തമാക്കാൻ കഴിയുന്നു | പ്രീടെസ്റ്റ് - കുട്ടികളുടെ നിലവാര സൂചിക കണ്ടെത്തൽ. സന്നദ്ധതാ പ്രവർത്തനം ചിഹ്നങ്ങൾ ചേർത്തെഴുതാനുള്ള പോക്കറ്റ് കാർഡുകൾ അക്ഷര കാർഡ്, വർക്കു ഷീറ്റുകൾ, സംയുക്ത ഡയറി എന്നിവ ഉറപ്പാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ | ജൂൺ - ഡിസംബർ | | പിടിഎ |
| കുട്ടിയെ വായനയിൽ സ്വയം പര്യാപ്തരാക്കുക | വായനോത്സവം, വായനമൂല, വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്, ക്ലാസ് വായനക്കൂട്ടം, ലൈബ്രറി ദിനാചരണങ്ങൾ, മാതൃകാ കഥവായന, പത്രപാരായണം | ജൂൺ - ഡിസംബർ | | |
| സർഗാത്മക രചനാ പ്രവർത്തനങ്ങൾക്ക് അവസരം | അടിക്കുറപ്പ്, ചുമർപത്രിക, കഥാ, കവിതാരചന മത്സരങ്ങൾ, വായനാകുറിപ്പ്, ചിത്രവായന, കഥാപൂരണം, കവിതാപൂരണം, ഗ്രൂപ്പ് കഥാരചന | ജൂൺ - ഡിസംബർ | | |
| പൊതു രചനാ പ്രദർശന ബോർഡ് | സർഗാത്മക രചനാ പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ വായനക്കാർക്കായ് പ്രദർശിപ്പിക്കുന്ന ബോർഡ് | ജൂൺ - ഡിസംബർ | | പിടിഎ |



**മേഖല : അക്കാദമികം** **ഉപമേഖല – ഇംഗ്ലീഷ് : എൽ പി**

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയുടെ തൽസ്ഥിതി കണ്ടെത്തൽ പിന്നാക്ക വിദ്യാർത്ഥികളെ മെച്ചപ്പെടുത്തൽ | പ്രീടെസ്റ്റ് - നിലവാര സൂചിക കണ്ടെത്തൽ. മോണ്ടിസോറി രീതിയിൽ പ്രാഥമിക ഭാഷാ ശേഷി ഉറപ്പാക്കൽ. അക്ഷര കാർഡുകൾ ഓഡിയോക്ലിപ്പുകൾ, ഐസിടി കാർട്ടൂൺ പ്രദർശനം വഴിയുള്ള പ്രവർത്തനങ്ങൾ | ജൂൺ മാർച്ച് | | സിപി ടിഎ |
| കമ്യൂണിറ്റിക്കേറ്റീവ് ഇംഗ്ലീഷ് ആരംഭ പ്രവർത്തനങ്ങൾ | സ്കിറ്റ്, പാഠഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയത്. സ്കൂൾ അസംബ്ലിയിലവതരണം മാസ്കുകൾ, ചിത്രകാർഡുകൽ, പദ കാർഡുകൾ തയ്യാറാക്കി ഉപയോഗിക്കുന്നു. കാർട്ടൂൺ പ്രദർശനം, ഭാഷാകളികൾ ശേഖരിച്ചവതരിപ്പിക്കൽ, വാരാന്ത്യ ഇംഗ്ലീഷ്, കിഡ് സ്റ്റോറീസ് വായന, അവതരണം, ആശംസാ കാർഡുകൾ തയ്യാറാക്കൽ കടംകഥ (ഇംഗ്ലീഷ് കണ്ടെത്തി) മത്സരം രക്ഷിതാക്കളുടെ സഹായത്തോടെ | ജൂൺ - ഡിസംബർ | | സ്റ്റാഫ് ഫണ്ട് |

| Objective | Activity | Duration | |
|---|---|---|---|
| To develop interest in English language and provide opportunities for students to use English language | English corner<br>Fest, Assembly<br>English Day celebration<br>(Once in a week/two weeks)<br>reading story books | | |
| To encourage self-expression via writing in English | Diary Writing stories in their own English language class magazine | | |
| To improve speaking skill | Speech competition story telling | | |
| To improve common and performance skill | Skit<br>Drama<br>Conversation<br>Act in characters | | |
| Displaying English related works | English exhibition | | |
| To develop reading skill | English library<br>English reading corners | | |
| To increase awareness and improve English understanding | English news reading<br>Discussion on daily news and current affairs | | |
| Special attention to the students with learning difficulties | Extra classes<br>More activities to improve their LSRW skills | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഉപമേഖല : എൽ പി പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമ്മിക്കൽ (ഫീൽഡ് ട്രിപ്പ്) | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ (ശാസ്ത്രമൂല) | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ നടത്തൽ | വർഷം | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ<br>(ശാസ്ത്രയാത്ര) | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര പ്രദർശനങ്ങൾ ഇവയൊക്കെ സന്ദർശിക്കൽ | ആവശ്യാനുസരണം/ വർഷത്തിലൊരിക്കൽ | | |
| കേരളം, ഇന്ത്യ- ഭൂപട വായന സൂചിക പരിചയപ്പെടുത്തൽ<br>(ഭൂപടമൊരുക്കം) | ഭൂപടവായന<br>ഭൂപട രചന<br>സൂചിക നിർമാണം | വർഷത്തിലൊരിക്കൽ | | |
| ശാസ്ത്ര പഠനം രസകരമാക്കൽ ( ) | ശാസ്ത്ര പഠനവുമായി ബന്ധപെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം (ശാസ്ത്രോത്സവം) | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | | |
| ലൈബ്രറി ലക്ഷ്യം<br>സ്കൂൾ ലൈബ്രറി ശാക്തീകരണം<br>വായനപരിപോഷിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ | എൽ പി തല ക്ലാസ് ലൈബ്രറി വിപുലീകരണം<br>ക്ലാസിലെ ഉപയോഗത്തിനനുസരിച്ച് പുസ്തകം തരംതിരിക്കൽ<br>യുപി തലം കുട്ടികൾക്കാവശ്യമുളള പുസ്തകം തിരഞ്ഞെടുക്കാനവസരം നൽകുന്നു<br>ബാലമാസികകളുടെ ശേഖരണം<br>പുസ്തക പ്രദർശനം<br>അമ്മ വായന പദ്ധതി<br>രക്ഷിതാക്കൾക്ക് വായനാനുബന്ധ മത്സരങ്ങൾ | ജൂൺ ജൂലായ്<br>മുതൽ ഫിബ്രവരി വരെ | | |
| കായികം- ലക്ഷ്യം<br>കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ | ലഘുവ്യായാമ മുറകൾ നടപ്പാക്കൽ<br>ഫുട്ബോൾ പരിശീലനം | 1/ ആഴ്ച<br>ക്യാമ്പ് | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കാനാവശ്യമായ പിന്തുണാ സംവിധാനം നൽകൽ | രക്ഷിതാക്കൾക്ക് പാഠ്യപദ്ധതി സമീപനം, കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയിൽ ശില്പശാലകൾ | ഓഗസ്റ്റ് | | |

**മേഖല : അക്കാദമികം** **ഉപമേഖല – പരിസരപഠനം എൽ പി**

| | | | | |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്ക് ശാസ്ത്ര സാമൂഹിക വിഷയങ്ങളിൽ നിരീക്ഷണ പരീക്ഷണ മേഖലകളിൽ താൽപര്യം വർധിപ്പിക്കൽ | ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ലാബും ഉപകരണങ്ങളും ഉപയോഗപ്പെടുത്തുന്നു. ക്ലാസ് ലൈബ്രറികൾ ഈ വിഷയങ്ങൾക്കായി പ്രത്യേക പുസ്തകങ്ങൾ, അറ്റ്ലസ്, എന്നിവ ഉൾപ്പെടുത്തുന്നു. | ജൂൺ മാർച്ച് | | പിടിഎ |
| ചരിത്രബോധം വളർത്തൽ | പ്രാദേശിക കലകൾ, ദേശപ്പെരുമ, പ്രാദേശിക ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ | ജൂൺ - ഡിസംബർ | | സ്റ്റാഫ് ഫണ്ട് |

**മേഖല : അക്കാദമികം** **ഉപമേഖല – ഗണിതം എൽ പി**

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നാക്കക്കാരെ കണ്ടെത്തി പ്രത്യേക പരിശീലനം | ഓരോ ക്ലാസിലും പഠന വിടവ് കണ്ടെത്തുന്നു. പ്രീ ടെസ്റ്റ് ഐ സി ടി ഉപയോഗപ്പെടുത്തി സംഖ്യായുക്തി, ആരോഹണം, അവരോഹണ ക്രമ കളികൾ, വർക്ക് ഷീറ്റ് വിവിധ നാടൻ പഠനോപകരണങ്ങൾ (സ്ട്രോ, ഈർക്കിൽ, മഞ്ചാടി, കാർഡ്, എന്നിവ ഉപയോഗപ്പെടുത്തി ലക്ഷ്യം നേടുന്നു. | ജൂൺ സപ്തംബർ | | സിപിടിഎ |
| നാലാം ക്ലാസ് കഴിയുമ്പോഴേക്കും ചതുഷ്ക്രിയകളിൽ സ്വയം പര്യാപ്തത നേടുന്നു ഗണിതം ആസ്വദിച്ച് പഠിക്കാനുള്ള മാനസികാവസ്ഥയിലെത്തുന്നു. | രക്ഷിതാക്കളും കുട്ടികളും അധ്യാപകരും ചേർന്ന് പഠന സഹായികളുടെ നിർമ്മാണ ശില്പശാല ഗണിത ക്വിസ്, ആഴ്ചയിൽ 1 ദിവസം 4 ആഴ്ചയിലെ മികച്ച വിദ്യാർത്ഥിക്ക് സമ്മാനം. ഐസിടി ഗണിത ഗെയിം വർക്ക് ഷീറ്റുകൾ നൽകുന്നു. പഠന നേട്ടങ്ങൾ തിരഞ്ഞെടുത്തു. പസിലുകൾ കളികൾ, നിയമങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. | ജൂൺ - ഡിസംബർ ജനുവരി | | പിടിഎ എസ് ആർ ജി |
| | ക്ലാസ് തല ഗണിത മാസികകൾ - വ്യക്തിഗതം തുടർന്ന് ക്ലാസ് തലം, പാറ്റേൺ, ജ്യോമട്രിക്കൽ നിർമ്മിതികൾ ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം | ഫിബ്രവരി | എസ് ആർ ജി | |
| ഗണിത പ്രതിഭയെ കണ്ടെത്തുന്നു. | ഒരു വർഷത്തെ മൊത്തം പ്രവർത്തനങ്ങൾ വിലയിരുത്തി പ്രതിഭയെ കണ്ടെത്തുന്നു. | മാർച്ച് | | |
| | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## മേഖല : എൽ പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പാക്കൽ | അബാക്കസ്, സംഖ്യാപോക്കറ്റ്, സംഖ്യാ കാർഡുകൾ എന്നിവ ഉൾപ്പെടുത്തി അടിസ്ഥാന ഗണിത ക്രിയകൾ കളികളിലൂടെ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത SRG പാരന്റ്സ് | |
| ഗണിതം മധുരം എന്ന ആശയത്തിൽ ഗണിതത്തെ സമീപിക്കാൻ. ഐസിടി സാധ്യത ഉപയോഗപ്പെടുത്തൽ | ട്രാൻഗ്രാം, ജ്യോമട്രിക്കൽ പാറ്റേൺ, ചാർട്ട്, രൂപങ്ങൾ എന്നിവ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനം<br>കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>ഐ സി ടി പ്രദർശനം | സപ്തംബർ | ഗണിത SRG CPTA | |
| ഗണിത കോർണർ ക്ലാസുകളിൽ | ഗണിത രൂപങ്ങളുടെ മോഡൽ, ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ എന്നിവ ശേഖരിക്കൽ, ഗണിത ഗെയിമുകൾ പസിൽസ് | ജൂൺ ജൂലായ് | ഗണിത SRG CPTA | |
| ഗണിതത്തിലെ അന്വേഷണ സാധ്യതകൾ വർധിപ്പിക്കുന്നു. | ഗണിത മാഗസിൻ നിർമാണം, ഗണിത ക്വിസ്, ചുറ്റുപാടിലെ ഗണിതം | ഒക്ടോബർ നവംബർ | ഗണിത SRG CPTA | |

## അക്കാദമിക മാസ്റ്റർ പ്ലാൻ – മേഖല : യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുന്നു. പരിഹരിക്കുന്നു.<br>♦ പഠന പിന്തുണ സംവിധാനം | പ്രീ ടെസ്റ്റ്<br>പ്രീടെസ്റ്റ് വിശകലനം ചെയ്യുന്നു.<br>ക്ലാസ്റൂം പ്രവർത്തനങ്ങൾക്കൊപ്പം<br>പ്രത്യേക ശ്രദ്ധ വേണ്ടവർക്ക് വേണ്ട ബോധപൂർവ്വമുള്ള ഇടപെടൽ, പിയർഗ്രൂപ്പ്, ക്ലാസുകൾ | ജൂൺ<br>ജൂൺ മാർച്ച് | ഭാഷാധ്യാപകൻ | സി പി ടി എ |
| കുട്ടികളെ നല്ലവായനക്കാരാക്കുന്നു. | ലൈബ്രറി പ്രവർത്തനം സജീവമാക്കുന്നു. ആനുകാലികങ്ങൾ, ബാലമാസികകൾ ലഭ്യമാക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ ലൈബ്രറി | പിടിഎ |
| വായനാനുഭവങ്ങൾ പരസ്പരം പങ്കുവെയ്ക്കുന്നു. | പുസ്തകാസ്വാദനം, പുസ്തകപരിചയം, ക്ലാസ് ചുമതലയുള്ള അസംബ്ലികളിൽ വാർത്താവായന | ജൂൺ മാർച്ച് | | സി പി ടി എ |
| സർഗാത്മക പ്രവർത്തനം | ക്ലാസ് തല ബാലവേദി പ്രവർത്തനങ്ങൾ ആഴ്ചയിൽ ഒരു പിരീഡ്, കഥാകവിതാ രചന മത്സരങ്ങൾ, നല്ല വായന, നല്ല എഴുത്ത് മത്സരങ്ങൾ, കവിത കഥ പാരായണം. ഐ സി ടി ഉപയോഗപ്പെടുത്തി കഥ, കവിത ആസ്വാദനം | ജൂൺ മാർച്ച് | വിദ്യാരംഗം ക്ലാസ് ടീച്ചർ മലയളം അധ്യാപകൻ | പിടിഎ |
| കുട്ടികളുടെ രചനകകളുടെ പ്രകാശനം | കുട്ടികളുടെ രചനാ മത്സരങ്ങ സൃഷ്ടികൾ വിദ്യാരംഗം വാർത്താ ബോർഡിൽ പ്രസിദ്ധീകരണം, നവമാധ്യമങ്ങളിൽ മെച്ചപ്പെട്ട രചനകളുടെ പ്രസിദ്ധീകരണം | മാസത്തിൽ 1 വീതം+ | വിദ്യാരംഗം | സിപി ടിഎ |
| ഭാഷാശേഷികളുടെ അവതരണം | വിവിധ സാഹിത്യരചനകളുടെ ദൃശ്യാവിഷ്കാരം കവിത ചൊല്ലൽ, കഥ പറയൽ സ്കിറ്റുകൾ ഉൾപ്പെടുത്തി ക്ലാസ്തല സാഹിത്യോത്സവം | സപ്തംബർ ഡിസംബർ മാർച്ച് | വിദ്യാരംഗം | സിപിടിഎ |

# Academic Master Plan UP English

Introduction

The Class room must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basic skills. There may be learning gap and so many challenges among students regarding to Listerning, speaking, reading and wirting skills. The followings are some activities to develop these speaking skills and overcome the challenges.

Issue : Lack of exposure to English literature in promoting speaking skills

Reasons : Learners are not confident in speaking English - Avoid situations of speaking English

Objctive : To inlude all students in English learning process. To enrich and enhance the language proficiency of the learner.
To ensufe opportunities to use Englishy in real life situation.

Target Students : All Students

Status study and pre planning :
Pretest - selecting LITTLE MENTORS based on the performance in pre-test

Continuous Evaluation and Scoring :
All activities will be evaluaated and scored

Time Duration : June to February

| Activities | Duration | Responsible Person |
|---|---|---|
| ♦ Planning, pretest, awarness to parents, grouping, SRG meet, preparation of materials, Launching activities | June | English Teacher |
| ♦ Executing activities for listening and speaking games, puzzles (instruction oriented), Interesting interations, Learning while doing activities. | July | |
| ♦ Preliminary theatre activities, simple skits of minimal interactions, planning with instructions, Reaching our - exploring possibilities outside the classes. SRG meet for evaluating the process. | August | |
| ♦ Preparation for school radio activity. Expanding skits, Games, Extended conversations practice, Listening to English news clipa (Audio and vedio) | Septmeber | |

| | | |
|---|---|---|
| Parent meet for sharing experince | October | English Teacher |
| Narating events, theatre activities story telling with tailor made stories in simple English. | November | |
| Read and act activities. Watching Indian video clips in English. Discussion | December | |
| Practive of instruction Oriented games and puzzles. Asking questions - using typical usages in English for better communication | January | |
| Chat with a guest, reading for doing activities with paper crafts, presentation of extempore skits related to different school extempore skits related to different school topics. Different group games felicitating interactions between students. | February | |



## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : യു പി ഹിന്ദി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷിക്കുറവ് | ♦ ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>♦ വായനകാർഡ് നിർമാണം<br>♦ ഹിന്ദി ദിനാചരണങ്ങൾ<br>♦ ഹിന്ദി അസംബ്ലി<br>♦ ഹിന്ദി വാർത്താവായന | 1 വർഷം | | സ്കൂൾ ഫണ്ട് |
| ഹിന്ദി അന്തരീക്ഷം, എഴുത്ത് മെച്ചപ്പെടുത്തൽ | ♦ ഹിന്ദി സാഹിത്യകാരൻമാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>♦ നാടകഗ്രൂപ്പ് | 6 മാസം | | എസ് എസ് എ |
| ഹിന്ദി ഭാഷയോട് അവഗണന | ♦ ഹിന്ദി സംസ്ഥാനത്തിലേക്ക് ഒരു യാത്ര<br>♦ ഹിന്ദി ക്യാമ്പ്<br>♦ 7-ാം ക്ലാസിൽ സുഗമഹിന്ദി പരീക്ഷ നടത്തുന്നു.<br>♦ ഒന്നാംക്ലാസുമുതൽ ഹിന്ദി പഠിക്കനുള്ള അവസരം സൃഷ്ടിക്കുക | | | സ്പോൺസർ ചെയ്യിപ്പിക്കുന്നു |
| പദപരിചയം<br>ഐ ടി പരിജ്ഞാനക്കുറവ് | ♦ 5-ാം ക്ലാസിൽ കാർഡ് നിർമാണം, പദ നിർമാണ മത്സരം<br>♦ അക്ഷരകളരി<br>♦ 6, 7 ക്ലാസ് വർക്ക് ഷീറ്റ് നിർമാണം, ഐടി ലഭ്യത<br>♦ ലൈബ്രറി ഉപയോഗം | ആഗസ്ററ്<br>സപ്തംബർ | | എസ് എസ് എ |
| ഹിന്ദി ഭാഷയോട് താല്പര്യക്കുറവ് | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ, എന്നിവയുടെ പ്രദർശനം | | | |
| ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | ഹിന്ദി വിദഗ്ധരുമായി ആശയവിനിമയം ഗസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പിക്കുക | ഇടവേളകളിൽ | 2000 | പിടിഎ, ഹിന്ദി, എസ് ആർജി |
| ഹിന്ദി ആശയപ്രകടനത്തിന് ബുദ്ധിമുട്ട് | സ്പോക്കൺ ഹിന്ദി ക്ലാസുകൾ ഒഴിവു ദിവസങ്ങളിൽ | ആഴ്ചയിൽ | 5000 | പിടിഎ |
| പ്രതിഭകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | പഠനത്തോടൊപ്പം പദ്ധതി<br>യു പി സ്കൂൾ പഠനത്തോടൊപ്പം<br>ചെറിയ ഹിന്ദി കോഴ്സുകൾ നൽകുക | മാസത്തിൽ | 10000 | രക്ഷിതാവ്<br>പിടിഎ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## മേഖല : യു പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) **5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 2) **ഹിന്ദി വായന** : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Reader fight മത്സരവായന<br>തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5, , 7 ക്ലാസുകളിലെ എല്ലാ കട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ<br>എഴുത്ത്, വായന സ്വായത്തമാക്കൽ | ചിഹ്നം, അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ്, പദ കാർഡ് ഉപയോഗിച്ച് അക്ഷരമാല പഠനം<br>പാട്ടുകളും കഥകളും കേൾക്കാനവസരം<br>സംസ്കൃത ദിനാചരണം, ചിത്രകഥകൾ, വായന, സംഭാഷണങ്ങൾ എന്നിവയ്ക്ക് അവസരം | ജൂൺ മുതൽ സപ്തംബർ വരെ | സംസ്കൃത അധ്യാപകൻ | എസ് ആർ ജി റിസോഴ്സ് അധ്യാപകൻ |
| പരിചിത വസ്തുക്കളുടെ സംസ്കൃത വാക്കുകൾ തിരിച്ചറിയുന്നു | വീട്, സ്കൂൾ, പരിസരം എന്നിവയിലെ വസ്തുക്കളുടെ സംസ്കൃത നാമങ്ങൾ കണ്ടെത്തി എഴുതി പദകേളി<br>ഐ സി ടി പ്രയോജനപ്പെടുത്തുന്നു. | സപ്തംബർ ഒക്ടോബർ | സംസ്കൃത അധ്യാപകൻ | എസ് ആർ ജി റിസോഴ്സ് അധ്യാപകൻ |
| സംസ്കൃതത്തിൽ സ്വതന്ത്ര വായന എഴുത്ത് ശേഷികൾ നേടുന്നു. | ചെറു സംസ്കൃത പുസ്തകങ്ങൾ ഉൾപ്പെടുന്ന ക്ലാസ് ലൈബ്രറി സംസ്കൃത വായന ആനുകാലിക/പുസ്തകം വായിച്ച പുസ്തകങ്ങളെ കുറിച്ച് വിവരം രേഖപ്പെടുത്തൽ | ഡിസം. മുതൽ മാർച്ച് വരെ | സംസ്കൃത അധ്യാപകൻ | എസ് ആർ ജി റിസോഴ്സ് അധ്യാപകൻ |
| ആസ്വാദന ശേഷി വർധിപ്പിക്കുന്നു | സംസ്കൃത കലാരൂപങ്ങൾ ഐ സി ടി ഉപയോഗിച്ചുള്ള പ്രദർശനം കുട്ടികൾക്ക് അവതരണാനുഭവം കൊടുക്കൽ | ആഴ്ചയിൽ ഒന്ന് | സംസ്കൃത അധ്യാപകൻ | എസ് ആർ ജി റിസോഴ്സ് അധ്യാപകൻ |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേക പരിശീലനം | പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ കണ്ടെത്തുന്നു, നിർമിക്കുന്നു, പ്രത്യേക ക്ലാസ്, ഗൃഹസന്ദർശനം | ജൂൺ - മാർച്ച് | സംസ്കൃത അധ്യാപകൻ | സി പി ടി എ |



# അടിസ്ഥാന ശാസ്ത്രം യു പി

ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണവിചാരം ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്ര പഠനരീതി. ഈ രീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധ ധാരണകളും നിലനിൽക്കില്ല. പക്ഷെ ഇന്നും അനാചരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അടിമയായി കഴിയുന്നു. ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചമായി ഇത്തരം ചൂഷണങ്ങൾക്കും തട്ടിപ്പുകൾക്കും എതിരെ നിലകൊള്ളും. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉപയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. ശാസ്ത്രീയ വിജ്ഞാനം ഉൽപ്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേക്ക് കുട്ടിയെ നയിക്കുന്ന രീതിയിലായിരിക്കണം പഠന പ്രക്രിയ നടത്തേണ്ടത്. പ്രക്രിയാധിഷ്ഠിത പഠനം കുട്ടിയെ ശാസ്ത്രം പഠിക്കാൻ പഠിപ്പിക്കുയാണ് ചെയ്യുന്നത്. ശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്.

**ശാസ്ത്രപഠനം-പ്രശ്നങ്ങൾ**

1. 5, 6, 7 ക്ലാസുകളിലെ ചില കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. കുട്ടികൾക്ക് സ്വയം പ്രശ്ന പരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.
3. ശാസ്ത്രീയ മനോഭാവം ശാസ്ത്രബോധം, യുക്തി ചിന്ത എല്ലാ കുട്ടികളിലും വികസിക്കുന്നതിൽ പരിമിതിയുണ്ട്.

പ്രശ്ന വിശകലനം

മേഖല : അക്കാദമികം

പ്രശ്നം : 5, 6, 7 ക്ലാസുകളിലെ ചില കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയാത്ത അവസ്ഥ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ അടിസ്ഥാന ആശയങ്ങളോടുള്ള ധാരണക്കുറവ്, അഭിപ്രേരണ കുറവ്, പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി<br>പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല, ആശയങ്ങൾ പ്രായോഗികമായി ബോധ്യപ്പെടുത്താൻ അവസരങ്ങളില്ല, സ്വയം പഠനത്തിന് അവസരക്കുറവ് | പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ മൂല്യനിർണയം നടത്തൽ<br>താഴ്ന്നക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് കൈവരിക്കാൻ അവസരം ഉറപ്പാക്കുക<br>പാഠപുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക | പ്രീ ടെസ്റ്റ്<br>പരിഹാരബോധനം<br>പഠനഗ്രൂപ്പ്<br>പാഠാസൂത്രണം |

പരീക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നു. പാഠപുസ്തകങ്ങളെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള സമയം ലഭ്യമാക്കുന്നു. പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ ഭൗതിക-സാമൂഹിക പശ്ചാത്തലം മനസ്സിലാക്കുന്നു.

പ്രശ്ന വിശകലനം

മേഖല : അക്കാദമികം

പ്രശ്നം : 5, 6, 7 ക്ലാസുകളിലെ ചില കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

പ്രവർത്തനം : നില നിർണ്ണയവും പരിഹാര ബോധനവും

ലക്ഷ്യം

എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കുന്നു.

പ്രവർത്തനം

| പ്രവർത്തനം | ചുമതല | കാലയളവ് | ഏജൻസി |
|---|---|---|---|
| പ്രീടെസ്റ്റ് ചോദ്യപേപ്പർ നിർമാണം<br>പ്രീടെസ്റ്റ് നടത്തൽ, മൂല്യനിർണയം, ഗ്രൂപ്പ് രൂപീകരണം, പരിഹാര ബോധനം | ശാസ്ത്ര അധ്യാപകൻ | ജൂൺ മുതൽ ഡിസംബർ വരെ | |

| അധ്യാപകൻ | പരിഹാരനിർദേശം | പദ്ധതി പ്രവർത്തനം |
|---|---|---|
| വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ, വ്യക്തിഗത ശ്രദ്ധക്കുള്ള സമയക്കുറവ്, ആധുനിക നിരന്തര മൂല നിർണയോപാധികൾ പ്രായോഗികമാക്കുന്നതിലെ വൈഷമ്യം | എല്ലാ ക്ലാസ് മുറികളിലും സ്വയം പഠനം, സംഘ പഠനം, ഐ ടി | ഹൈടെക് ക്ലാസുകൾ<br>മൂല്യനിർണയ ചോദ്യങ്ങള്ഢ<br>പഠന സമയം |
| സംവിധാനം<br>ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, പ്രവർത്തനങ്ങളുടെ ബാഹുല്യം | ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള അത്രയും സമയം നീക്കി വെക്കുക | കൗൺസിലിംഗ് |
| രക്ഷിതാക്കൾ<br>കുട്ടികളുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദേശം നൽകാനോ കഴിയുന്നില്ല<br>കുട്ടികളുടെ കഴിവ് സാധ്യതകൾ തിരിച്ചറിയാൻ കഴിയുന്നില്ല.<br>വിദ്യാലയവുമായി വേണ്ടത്ര ബന്ധപ്പെടാൻ ഖഴിയാച്ച അവസ്ഥ | സിപിടിഎ, എംപിടിഎ എന്നിവ ശക്തിപ്പെടുത്തുക | പഠന സമയം |

മുന്നൊരുക്ക പദ്ധതി :

താഴ്ന്ന ക്ലാസുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആവശ്യങ്ങളിൽ പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക, പ്രീടെസ്റ്റിലൂടെ മൂല്യനിർണയം നടത്തുന്ന പരീക്ഷാഫലം അവലോകനം നടത്തുന്നു.

നിലവിലെ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ആവശ്യങ്ങൾ എല്ലാവർക്കും ലഭ്യമാവുന്നു എന്ന് ഉറപ്പ് വരുത്തും.

പ്രശ്നം : കുട്ടികൾക്ക് സ്വയം പ്രശ്ന പരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.

ലക്ഷ്യം

എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കണം.

| പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|
| പാഠാസൂത്രണം, ലാബ് സജ്ജീകരണം, ലാബ് ഉപകരണങ്ങളുടെ നിർമാണ ശില്പശാല | ശാസ്ത്ര അധ്യാപകൻ<br>ഹെഡ്മാസ്റ്റർ<br>എസ് ആർ ജി | ജൂൺ മുതൽ ഡിസംബർ വരെ |

പ്രശ്നം : ശാസ്ത്രീയ മനോഭാവം ശാസ്ത്രബോധം, യുക്തി ചിന്ത എല്ലാ കുട്ടികളിലും വികസിക്കുന്നതിൽ പരിമിതിയുണ്ട്.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ശാസ്ത്രീയ ചിന്താഗതിയും സമീപനവും യുക്തിചിന്തയും ശാസ്ത്ര ജ്ഞാനത്തിൽ നിന്ന് ശാസ്ത്ര ബോധത്തിലേക്കുള്ള അവസ്ഥ കൈവരിക്കും.

| പ്രവർത്തനം | ചുമതല | കാലം |
|---|---|---|
| സെമിനാർ<br>അതിഥി ക്ലാസ്<br>ചർച്ച<br>ശാസ്ത്ര ലൈബ്രറി നവീകരണം<br>ആനുകാലിക ശാസ്ത്ര മാസികകൾ ശേഖരിക്കൽ | ശാസ്ത്ര അധ്യാപകൻ<br>പിടിഎ<br>സിപിടിഎ<br>പൂർവ്വ വിദ്യാർത്ഥികൾ | ജൂൺ മുതൽ മാർച്ച് വരെ |



# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : യു പി സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ്, ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ, ചെങ്കോട്ട ഹംബി തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യപ്രവർത്തനങ്ങൾ പ്രകടമാക്കുക | കുട്ടികൾ താമസിക്കുന്ന പ്രദേശത്തെ സാമൂഹ്യ സവിശേഷതകൾ ഉൾപ്പെടുന്ന കുറിപ്പ് തയ്യാറാക്കുന്നു. | ജൂലായ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| വിഷയത്തിന്റെ വിശദീകരണം | എന്റെ നാട്ടിലെ ഉല്ലാസങ്ങൾ - സെമിനാർ റിപ്പോർട്ട് അവതരണം | ജൂലായ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സമത്വം സൃഷ്ടിക്കുക നീതിയും ന്യായവും അംഗീകരിക്കുക നിയമങ്ങൾ മനസ്സിലാക്കാൻ | പ്രൊജക്ട് ഇന്ത്യയിൽ ഇന്നു വരെ നടത്തിയ ഭരണഘടനാ ഭേദഗതികളെ കുറിച്ച് ഒരു പ്രൊജക്ട് തയ്യാറാക്കൽ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനത്തെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സൈബർ സുരക്ഷയെ കുറിച്ചുളള ബോധവൽക്കരണ ക്ലാസ് | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഭക്ഷണരീതികളുടെ പരിഷ്കരണ പ്രവർത്തനങ്ങളിൽ മാർഗ്ഗ നിർദേശങ്ങളും നൽകുക | കയ്യെഴുത്ത് പതിപ്പ് - ഭക്ഷണരീതിയിൽ ഉണ്ടായ മാറ്റങ്ങൾ എന്ന വിഷയത്തിൽ ഒരു കയ്യെഴുത്ത് പതിപ്പ് തയ്യാറാക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക | ചിത്ര പ്രദർശനം, യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം | സപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം, പീഢനം, അശ്ലീലത എന്നിവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക | പോക്സോ ബോധവൽക്കരണ ക്ലാസ് ലഘുലേഖ തയ്യാറാക്കലും ഉണ്ടാകാനിടയുളള കുറ്റകൃത്യങ്ങൾ തരിച്ചറിഞ്ഞ് പ്രതിരോധിക്കാനും രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെ കുറിച്ച് ലഘുലേഖ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക. ക്ലാസ് ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക. | ക്ലാസ് ഭരണഘടന - ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിലേക്ക് മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ആരോഗ്യകരമായ ഭക്ഷണ ശീലത്തെ പ്രചരിപ്പിക്കുക | ആരോഗ്യകരമായ ഭക്ഷണശീലം എന്ന വിഷയത്തിൽ ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുക | നവംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നമ്മുടെ രാജ്യത്ത് നില നിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തിരിച്ചറിയുക | സർവ്വേ നടത്താം<br>പ്രദേശത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കി വരുന്ന ദാരിദ്ര്യ നിർമ്മാനർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| പഠനത്തിന്റെ വിവരങ്ങൾ നൽകുക<br>ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക | സെമിനാർ റിപ്പോർട്ട് അവതരണം | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നതിന് | അഭിമുഖം<br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു. | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തൽ | ഗണിത കളികൾ കണ്ടെത്തി അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം<br>സംഖ്യാകാർഡുകൾ സംഖ്യാപോക്കറ്റ്, അബാക്കസ് എന്നവ ഉപയോഗിക്കുന്നു.<br>വിവിധ ഗണിത മേഖലകളെ പരിച യപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി ഗണിത അധ്യാപ കൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഗണിതപഠനം രസകരവും ലളിതവും പേടികൂടാതെ സമീപിക്കുന്നിനും | ടാൻഗ്രാം നിർമാണം, വിവിധ ഗണിതരൂ പങ്ങളുടെ നിർമാണം, ത്രെഡ് പാറ്റേൺ എന്നിവയുടെ പ്രദർശനം | ഒക്ടോബർ നവംബർ | ഗണിത അധ്യാപ കൻ | |
| ഗണിതമേഖലയിൽ കുട്ടിക ളുടെ താല്പര്യം വർധിപ്പി ക്കൽ | ഗണിത ആശയങ്ങൾ, നമ്പർ ചാർട്ട്, ഗെയിം, ഗണിത പാറ്റേൺ, പ്രശ്നങ്ങൾ, ചിത്രങ്ങൾ, ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ | മാസ ത്തിൽ ഒന്നു വീതം | ഗണിത അധ്യാപ കൻ | |
| ഐ ടി സാധ്യത ഉപയോഗ പ്പെടുത്തൽ | ഐ ടി അധിഷ്ഠിത ഗണിത പ്രവർത്തന ങ്ങൾ | പാഠഭാഗ ത്തിന് അനുയോ ജ്യമായി | ഗണിത അധ്യാപ കൻ | |
| ഗണിത പൊതുശേഷികളുടെ വികസനം | ഗണിത ദിനാചരം | പാഠഭാഗ ത്തിന് അനുയോ ജ്യമായി | ഗണിത ക്ലബ്ബ് | |



| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാകുട്ടികൾക്കും പ്രവൃത്തിപരിചയ പരിശീലനം<br>ഉപയോഗ ശൂന്യമായ വസ്തുക്കളുടെ പുനരുപയോഗ സാധ്യത ഉറപ്പാക്കൽ<br>ജീവിത നൈപുണി നേടൽ | ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തൽ<br>പേപ്പർ ക്രാഫ്റ്റ് ബോട്ടിൽ പെയിന്റിംഗ് ശില്പശാല<br>വിവിധതര അലങ്കാരവസ്തുക്കൾ നിർമാണം<br>കരകൗശല നിർമാണ ശില്പശാല | ജൂൺ മുതൽ ഫിബ്രവരി | | |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും<br>മറ്റുവിഷയങ്ങളിൽ കലയുടെ സന്നിവേശം ഉറപ്പാക്കൽ<br>മാനവിക കാഴ്ചപ്പാട് രൂപീകരിക്കാൻ | സവിശേഷ കഴിവുകൾ കണ്ടെത്തൽ<br>രചനാ മത്സരങ്ങൾ<br>ശില്പശാലകൾ<br>ചിത്രകലാ ഡേ<br>ക്ലാസ്തല മാഗസിൻ<br>വിവിധ കലാസാധ്യതകൾ പാഠഭാഗത്ത് ഉൾക്കൊള്ളിക്കൽ | ജൂൺ മുതൽ ഫിബ്രവരി | ക്ലാസ് ടീച്ചർ<br>വിദ്യാരംഗം<br>കലാ അധ്യാപിക | |
| | **പരിസ്ഥിതി** | | | |
| പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കൽ ഗ്രീൻ പ്രോട്ടോകോൾ സ്കൂളിലും വീട്ടിലും<br>സഹജീവി ബോധം | പരിസ്ഥിതി ദിനാചരണം<br>സമുദ്ര ദിനാചരണം<br>പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്<br>സീറോ വേസ്റ്റ് കാമ്പസ് | ജൂൺ<br>ദീർഘകാലം | പരിസ്ഥിതി ക്ലബ്ബ് | |

വിലയിരുത്തൽ

ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. പാഠ്യ, പാഠ്യേതര മികവിലൂടെ കുട്ടികൾ മികച്ചവരാകുന്നു. അതുവഴി വിദ്യാലയവും സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തലിന് വിധേയമാവണം. മികവുകൾ കൂടുതൽ മികവിലേക്കും പരിമിതികൾ പരിഹരിച്ച് മികവിലേക്കുമെത്തണം. ഇതിന് നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ പ്രക്രിയകൾ നടക്കണം.

- ദിവസവുമുള്ള വിലയിരുത്തൽ ഹെഡ്മാസ്റ്റർ മുഖാന്തിരം
- എ ഇ ഒ, എസ് എസ് കെ വിലയിരുത്തൽ ആവശ്യാനുസരണം
- സിപിടിഎ, പിടിഎ, എസ്എസ്ജി, എസ്എംസി, വിലയിരുത്തൽ
- കണ്ടെത്തുന്ന വിഷയങ്ങൾ എസ്ആർജിയിൽ ചർച്ച ചെയ്യുന്നു.
- പരിഹാര നടപടികൾ സ്വീകരിക്കുന്നു.

## സ്റ്റുഡന്റ് സേവിങ്സ് സ്കീം

- മുഴുവൻ വിദ്യാർത്ഥികളേയും അംഗമാക്കുന്നു. ദൈവാരകളക്ഷൻ. അവശ്യഘട്ടത്തിൽ കുട്ടികൾക്ക് തുക പിനവലിക്കാനും തിരിച്ചടയ്ക്കാനും അവസരം.
- ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കി കുട്ടികളിലെ നേതൃഗുണം വികസിപ്പിക്കുന്നു. പൊതുബോധം വളർത്തുന്നു.
- ജെ ആർ സി : സാമൂഹ്യസേവനം, അച്ചടക്കം, സഹജീവി സ്നേഹം എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യസേവനം, സഹജീവി സ്നേഹം, നേതൃഗുണം, സഹായമനസ്കത എന്നിവ കുട്ടികളിൽ വളർത്തുക | യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പ്രഥമ ശുശ്രൂഷ പരിശീലനം, സഹവാസക്യാമ്പ് | ജൂൺ<br>ആഗസ്റ്റ്<br>ഒക്ടോബർ<br>ജനുവരി | | |
| | ഉപമേഖല : പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പിന്തുണ ഉറപ്പാക്കൽ | | | |
| ■ **അക്കാദമികം**<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകി പഠന നിലവാരം മെച്ചപ്പെടുത്തുക<br>ആവശ്യമായ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നു.<br>റിസോഴ്സ് അധ്യാപകരുമായി യോജിച്ചുകൊണ്ട് പഠന മോഡ്യൂൾ തയ്യാറാക്കുന്നു വിദഗ്ദരുടെ സേവനം ഉറപ്പാക്കുന്നു. കുട്ടികളുടെ സാധ്യതയ്ക്കനുസരിച്ച് ഐ സി ടി സൗകര്യം ഉറപ്പാക്കൽ, കുട്ടു | പലതരം പ്രയാസങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു. രക്ഷിതാക്കളിൽ നിന്ന് വിവരശേഖരണം വ്യക്തിരേഖ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് | റിസോഴ്സ് അധ്യാപകർ മൂന്നാക്കം നിൽക്കുന്ന കുട്ടികൾ സിപിടിഎ ടാലന്റഡ് പാരന്റ്സ് | പി ടി എ |



# പ്രവർത്തന കലണ്ടർ

| | |
|---|---|
| മെയ് | എസ് ആർ ജി<br>ടൈം ടേബിൾ നിർമ്മാണം, പാഠഭാഗ ആസൂത്രണം, പ്രി ടെസ്റ്റ് ചോദ്യങ്ങൾ തയ്യാറാക്കൽ, പാഠഭാഗത്തെ ഐ സി ടി സാധ്യതകൾ ലിസ്റ്റ് തയ്യാറാക്കൽ |
| ജൂൺ | പ്രവേശനോത്സവം, പ്രീടെസ്റ്റ് പരിഹാരബോധനം, പരിസ്ഥിതി ദിനാഘോഷം, വായനാവാരം, ക്ലബ്ബുകളുടെ രൂപീകരണം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ, സമുദ്രദിനം ലഹരിവിരുദ്ധദിനം, ലൈബ്രറി/ക്ലാസ് ലൈബ്രറി വിപുലീകരണം, സി പി ടിഎ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം |
| ജൂലായ് | ബഷീർദിനം, ജനസംഖ്യാദിനം, രാമായണം പ്രശ്നോത്തരി, ചാന്ദ്രദിനം, പ്രേംചന്ദ്ദിനം, സമഗ്രഗുണമേന്മാ തുടർപ്രവർത്തനങ്ങൾ |
| ഓഗസ്റ്റ് | യുദ്ധവിരുദ്ധദിനം, സംസ്കൃതദിനം, സ്വാതന്ത്ര്യദിനാഘോഷം, ദേശീയ ബഹിരാകാശദിനം, സിപിടിഎ, സമഗ്രഗുണമേന്മാ തുടർപ്രവർത്തനം, പാദവാർഷിക പരീക്ഷ |
| സെപ്തംബർ | ദേശീയ ശുചീകരണദിനം, അധ്യാപകദിനം, ഹിന്ദി ദിനം, ഓസോൺ ദിനം, സിപിടിഎ, വിവിധ മേളകൾ സ്കൂൾ തലം |
| ഒക്ടോബർ | ഗാന്ധിജയന്തി, ലോകബഹിരാകാശ വാരാചരണം, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ശില്പശാല |
| നവംബർ | കേരളപ്പിറവി, ലോകശാസ്ത്രദിനം, ശിശുദിനം, സിപിടിഎ, പിന്നോക്കക്കാർക്കുള്ള പരിശീലനം തുടർച്ച |
| ഡിസംബർ | ലോക എയ്ഡ്സ് ദിനം, ഭിന്നശേഷിദിനം, സംസ്കതൃത സ്കോളർഷിപ്പ് സ്കൂൾതലം, ഊർജ്ജസംരക്ഷണ ദിനം, ചെറുധാന്യ ദിനം, രാമാനുജൻദിനം, അർദ്ധവാർഷിക പരീക്ഷ, സിപിടിഎ |
| ജനുവരി | സിപിടിഎ, റിപ്പബ്ലിക്ദിനം, സമഗ്ര ഗുണമേന്മാ തുടർച്ച |
| ഫിബ്രവരി | ദേശീയ ശാസ്ത്രദിനം, മാതൃഭാഷാദിനാചരണം, സ്കൂൾ വാർഷികം, പിടിഎ ജനറൽബോഡി, പിന്നാക്കക്കാർക്കുള്ള മൂല്യനിർണയം സഹവാസക്യാമ്പുകൾ |
| മാർച്ച് | സിപിടിഎ, പഠന പിന്നോക്കക്കാർക്കുള്ള ശില്പശാല, വാർഷിക പരീക്ഷ |



# ഉപസംഹാരം

മികവുറ്റ വിദ്യാലയാന്തരീക്ഷം സംജാതമാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപപ്പെടുത്തി എടുത്ത അക്കാദമിക് മാസ്റ്റർ പ്ലാൻ നമ്മുടെ വിദ്യാലയ ചരിത്രത്തിലെ നാഴിക കല്ലായി മാറുമെന്ന് ഉറപ്പാണ്. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, പൊതുസമൂഹം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സർക്കാർ തുടങ്ങിയവ ഒന്നിച്ച് കൈകോർത്ത് കൊണ്ട് ഒരു പുതിയ വെളിച്ചം ഇതിലൂടെ നമ്മൾ പ്രതീക്ഷിക്കുകയാണ്. രാജ്യത്തിന് പുത്തനുണർവേകുന്ന ഒരു പുതിയ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നാം രൂപകൽപ്പന ചെയ്ത ഈ പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉത്തരവാദിത്വത്തോടുകൂടി പ്രയത്നിക്കേണ്ടതാണ്. വിദ്യാലയം നിലനിൽക്കുന്ന പ്രദേശത്തിന്റെ സാമ്പത്തികാവസ്ഥ വളരെ ദയനീയമാണ്. പൊതു സമൂഹത്തിന്റെ പിന്തുണ പൂർണമായി ലഭിക്കുമെന്നുറപ്പുള്ളപ്പോൾ തന്നെ സാമ്പത്തിക സമാഹരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എം എൽ എ. എം. പി.എസ് എസ് എ തുടങ്ങിയവയെ ആശ്രയിക്കേണ്ടി വരുമെന്നുറപ്പാണ്. അത് സമാഹരിച്ചെടുക്കാനനുയോജ്യമായ ഏറ്റവും മികച്ച പിടിഎ, എം പി ടിഎ, പൂർവ്വവിദ്യാർത്ഥി സംഘടന, എസ്എസ്ജി, എസ് എം സി തുടങ്ങിയ സംഘടനകൾ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാനിലെ മുഴുവൻ പദ്ധതികളും നമുക്ക് പൂർത്തീകരിക്കണം.

